പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 304 09.06.2014-ൽ മറുപടിക്ക്

അന്തർ സംസ്ഥാന സർവീസുകൾക്ക് പുതിയ ബസുകൾ

അനുവദിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. പി. ഉബൈദുള്ള :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസുകളാണ് വാങ്ങിയതെന്നും അവ ഏതെല്ലാം തരത്തിലുള്ളവയാണെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1000 പുതിയ ബസ് ഷാസികളും, 10 ഫുള്ളി ബിൽറ്റ് വോൾവോ മൾട്ടി ആക്സിൽ ബസ്സുകളും വാങ്ങിയിട്ടുണ്ട്. തരംതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>ടാറ്റാ (410), ലൈലാന്റ് (590) എന്നീ കമ്പനികളിൽ നിന്നും വാങ്ങിയ 1000 ഷാസികൾ ഉപയോഗിച്ച് 50 സൂപ്പർ ഡീലക്സ്, 226 സൂപ്പർ ഫാസ്റ്റ്, 624 ഫാസ്റ്റ് പാസഞ്ചർ, 100 ഓർഡിനറി എന്നീ തരത്തിലുള്ള ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. |
| (ബി) | അന്തർ സംസ്ഥാന സർവ്വീസുകൾക്ക് ഏത് തരത്തിലുള്ള ബസ്സാണ് ഉപയോഗിക്കുന്നത് ; | (ബി) | അന്തർ സംസ്ഥാന സർവ്വീസുകൾക്ക് എല്ലാ തരത്തിലുള്ള ബസ്സുകളും ഉപയോഗിക്കുന്നുണ്ട്. |
| (സി) | മലപ്പുറം ഡിപ്പോയിൽ നിന്നും നിലവിൽ എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ടെന്നും അതിനായി ഏത് തരത്തിലുള്ള ബസ്സാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ ; | (സി) | ബാംഗ്ലൂർ. ഊട്ടി എന്നിവിടങ്ങളിലേക്ക് രണ്ട് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്. ഇതിൽ ഊട്ടി സർവ്വീസിനായി ഒരു Super Express Bus-ഉം ബാംഗ്ലൂർ സർവ്വീസിനായി രണ്ട് സൂപ്പർ ഫാസ്റ്റ് ബസുകളുമാണ് ഉപയോഗിക്കുന്നത്. |
| (ഡി) | ഊട്ടി സർവ്വീസ് നടത്തുന്ന ബസ്സുകൾ ബ്രേക്ക് ഡൗണായി നിരന്തരം യാത്ര മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ ഊട്ടിയുൾപ്പെടെയുള്ള അന്തർ സംസ്ഥാന സർവ്വീസുകൾക്ക് പുതിയ ബസുകൾ അനുവദിക്കുമോ ? | (ഇ) | പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് പഴയ ബസുകൾ മാറ്റി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ